എസ്പാന്യോളിനെ തോൽപ്പിച്ച് സ്പാനിഷ് ലീഗ് ജേതാക്കളായ ബാഴ്സലോണ താരങ്ങളുടെ ആഹ്ലാദം

ബാഴ്സയിൽ പൂക്കാലം

- 2019നുശേഷം ആദ്യ സ്പാനിഷ് ലീഗ് കിരീടം
- സാവിക്ക് കീഴിൽ ആദ്യം
- നാല് കളി ശേഷിക്കെ 85 പോയിന്റ്

മാഡ്രിഡ്

സാവിക്കുകീഴിൽ ഒരു പുതിയ ബാഴ്സലോണ ഉദിച്ചു. ലയണൽ മെസി ക്ലബ് വിട്ടശേഷം ആദ്യമായി ബാഴ്സ സ്പാനിഷ് ലീഗ് ഫുട്ബോളിൽ കിരീടം ചൂടി. എസ്പാന്യോളിനെ 4–2ന് തകർത്താണ് നേട്ടം. നാല് കളി ശേഷിക്കെ 85 പോയിന്റ്. രണ്ടാമതുള്ള റയൽ മാഡ്രിഡിനെക്കാൾ 14 പോയിന്റ് കൂടുതൽ. ബാഴ്സയുടെ 27–ാംലീഗ് കിരീടമാണിത്.

2021ലാണ് മെസി ബാഴ്സ വിട്ട് പിഎസ്ജിയിലേക്ക് കൂടേറിയത്. നവംബറിൽ സാവി പരിശീലകനായെത്തി. ആ സീസണിൽ വലിയ നേട്ടങ്ങളുണ്ടായില്ല. എന്നാൽ, 2022–23 സീസണിൽ സാവി ടീമിനെ അടിമുടി മാറ്റി. ചാമ്പ്യൻസ് ലീഗിലും യൂറോപയിലുമൊക്കെ തിരിച്ചടി കിട്ടിയെങ്കിലും ലീഗിൽ ശ്രദ്ധ വിട്ടില്ല.

എസ്പാന്യോളിനെതിരെ റോബർട്ട് ലെവൻഡോവ്സ്കി ഇരട്ടഗോളടിച്ചു. പത്തൊമ്പതുകാരൻ അലെസാൻഡ്രോ ബാൽദെയും ജൂലെസ് കുണ്ടെയും ചേർന്ന് പട്ടിക പൂർത്തിയാക്കി. ബാഴ്സ കുപ്പായത്തിൽ ഇരുവരുടെയും ആദ്യഗോളുമാണ്. ക്യാപ്റ്റൻ സെർജിയോ ബുസ്ക്വെറ്റ്സിന്റെ അവസാന സീസണാണിത്.

തന്ത്രങ്ങളുടെ മാറ്റമായിരുന്നു ബാഴ്സയിൽ ഇക്കുറി കണ്ടത്. ആകെ 13 ഗോൾമാത്രം വഴങ്ങിയ പ്രതിരോധമാണ് അതിൽ മുന്നിൽ. 18 ഗോളാണ് നിലവിലെ റെക്കോഡ്. 64 ഗോളടിച്ചു.

സീസണിൽ മിക്ക മത്സരങ്ങളിലും 1–0 എന്ന നിലയിലായിരുന്നു വിജയ സ്കോർ. പ്രതിരോധത്തെ സാവി അഴിച്ചുപണിതു. ജോർഡി ആൽബയ്ക്കുപകരം യുവതാരം ബാൽദെയെ ഇടതുബാക്കായി കൊണ്ടുവന്നു. കുണ്ടെ വലതു ബാക്കായി. പ്രതിരോധഹൃദയത്തിൽ ആൻഡ്രിയാസ് ക്രിസ്റ്റൻസന്റെ സാന്നിധ്യവും മുതൽക്കൂട്ടായി. റൊണാൾഡ് അറൗഹോയും മിടുക്കുകാട്ടി. ഗോൾകീപ്പർ മാർക് ആന്ദ്രേ ടെർ സ്റ്റെയ്ഗന്റെ പ്രകടനവും എടുത്തുപറയേണ്ടതാണ്.

മധ്യനിരയിൽമാത്രം കേന്ദ്രീകരിച്ചുള്ള കളിയില്ല ബാഴ്സയ്ക്ക്. എങ്കിലും പെഡ്രിയും ഗാവിയും ഫ്രെങ്കി ഡിയോങ്ങും ഉൾപ്പെട്ട മധ്യനിര അധ്വാനിച്ചു കളിക്കുന്നുണ്ട്. ബുസ്ക്വെറ്റ്സിന്റെ സ്ഥാനത്ത് മാഞ്ചസ്റ്റർ സിറ്റിയുടെ ഇകായ് ഗുൺഡോവനെയാണ് ബാഴ്സ ലക്ഷ്യമിടുന്നത്.

ലയണൽ മെസി എത്തിയാൽ എങ്ങനെ കൈകാര്യം ചെയ്യുമെന്നതാണ് സാവി നേരിടുന്ന ചോദ്യം. പ്രായമാണ് ഘടകം. 36 വയസ്സായി മെസിക്ക്. വേഗം കുറഞ്ഞിട്ടുണ്ട്.

മുന്നേറ്റത്തിൽ ലെവൻഡോവ്സ്കിയും പ്രായത്തിന്റെ തളർച്ചയിലാണ്.

എങ്കിലും സാമ്പത്തിക തിരിച്ചടികൾക്കിടയിലെ ഈ ലീഗ് കിരീടം ബാഴ്സയ്ക്ക് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല.

മെസിക്കായി എന്തും ചെയ്യും: ബാഴ്സ പ്രസിഡന്റ്

മാഡ്രിഡ്

ലയണൽ മെസിയെ തിരിച്ചുകൊണ്ടുവരാൻ കഴിയുന്നതെല്ലാം ചെയ്യുമെന്ന് ബാഴ്സലോണ ക്ലബ് പ്രസിഡന്റ് യൊവാൻ ലപോർട്ട പറഞ്ഞു. മെസിയുമായി നല്ല ബന്ധം ഇപ്പോഴും തുടരുന്നു. കാര്യങ്ങൾ സംസാരിക്കാറുണ്ട്. ലോകകപ്പ് നേടിയപ്പോൾ അഭിനന്ദനമറിയിച്ചു. ആ ബന്ധത്തിന് ഒരു മാറ്റവുമില്ല.

നിലവിൽ മെസി പിഎസ്ജി ക്ലബ്ബിന്റെ കളിക്കാരനാണ്. ഈ സീസണിൽ കരാർ അവസാനിക്കും. അതിനുശേഷം കുറച്ചുകൂടി ഫലപ്രദമായ ചർച്ച സാധ്യമാകും. മെസി സൗദി അറേബ്യയിലെ അൽ ഹിലാൽ ക്ലബ്ബിലേക്ക് പോകുന്നതായുള്ള വാർത്തകളെപ്പറ്റിയുള്ള ചോദ്യത്തിന് 'സൗദിയോടും അൽ ഹിലാൽ ക്ലബ്ബിനോടും ബഹുമാനമുണ്ട്. പക്ഷേ, ബാഴ്സ ഒന്നു വേറെതന്നെ. അത് മെസിക്ക് വീടുപോലെയാണ്'–ലപോർട്ട പ്രതികരിച്ചു.

4 ജയം, 3 കിരീടം
സിറ്റി കൊതിക്കുന്നു

ലണ്ടൻ



എർലിങ് ഹാലണ്ടിനെ പുണരുന്ന സിറ്റി പരിശീലകൻ ഗ്വാർഡിയോള

ഇംഗ്ലീഷ് പ്രീമിയർ ഫുട്ബോൾ ലീഗ് നിർണായക പോരാട്ടത്തിൽ അഴ്സണൽ ബ്രൈറ്റണോട് തോറ്റതോടെ മാഞ്ചസ്റ്റർ സിറ്റിയുടെ വഴി തെളിഞ്ഞു. ശേഷിക്കുന്ന മൂന്ന് കളിയിൽ ഒരുജയംമതി പെപ് ഗ്വാർഡിയോളയുടെ സംഘത്തിന്. 21ന് ചെൽസിയുമായാണ് കളി. ജയിച്ചാൽ കിരീടം നിലനിർത്താം. എന്നാൽ, കളത്തിലിറങ്ങുംമുമ്പുതന്നെ ജേതാക്കളാകാനും സാധ്യതയുണ്ട്. നോട്ടിങ്ഹാം ഫോറസ്റ്റിനോട് അഴ്സണൽ തോറ്റാൽ ചെൽസിക്കെതിരെ ഇറങ്ങുംമുമ്പ് സിറ്റിക്ക് ജേതാക്കളാകാം.

ലീഗിൽ മാത്രമല്ല, ചാമ്പ്യൻസ് ലീഗിലും എഫ്എ കപ്പിലും സിറ്റിക്ക് പ്രതീക്ഷയുണ്ട്. നാല് ജയം കിട്ടിയാൽ മൂന്ന് കിരീടങ്ങൾ അവർക്ക് സ്വന്തമാക്കാം. ലീഗിൽ ചെൽസിയെ തോൽപ്പിച്ചാൽ കിരീടം. ചാമ്പ്യൻസ് ലീഗിൽ റയൽ മാഡ്രിഡുമായുള്ള രണ്ടാംപാദ സെമി നാളെയാണ്. ജയിച്ചാൽ ഫൈനൽ. ഒരു ജയംകൂടി കിട്ടിയാൽ കിരീടം. എഫ്എ കപ്പിൽ മാഞ്ചസ്റ്റർ യുണൈറ്റഡുമായുള്ള കിരീടപ്പോരാട്ടം ജൂൺ മൂന്നിനാണ്.

ലീഗിൽ ഒരുഘട്ടം അഴ്സണലായിരുന്നു കിരീടപ്പോരിൽ മുന്നിൽ. എന്നാൽ, തുടർ ജയങ്ങളുമായി സിറ്റി കുതിക്കുകയും അഴ്സണൽ പ്രതിരോധപ്പിഴവിൽ പതറുകയും ചെയ്തതോടെ കാറ്റ് മാറിവീശി.

ചാമ്പ്യൻസ് ലീഗ് രണ്ടാംപാദ സെമി

ഇന്റർ അരികെ

സാൻസിനോ

ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ രണ്ടാംപാദ സെമിയിൽ ഇന്ന് രാത്രി 12.30ന് ഇന്റർ മിലാനും എസി മിലാനും മുഖാമുഖം. ആദ്യപാദത്തിൽ നേടിയ രണ്ട് ഗോളിന്റെ മുൻതൂക്കം ഇന്ററിനുണ്ട്.

നാളെ രാത്രിയാണ് ആരാധകർ കാത്തിരിക്കുന്ന മാഞ്ചസ്റ്റർ സിറ്റി–റയൽ മാഡ്രിഡ് പോരാട്ടം. ആദ്യപാദം 1–1 സമനിലയായിരുന്നു.

സാൻസിറോയിലെ ആദ്യ പാദ മിലാൻ പോരിൽ എഡിൻ സെക്കോയും ഹെൻറിക് മികിതര്യാനുമാണ് ഇന്ററിനായി ഗോളടിച്ചത്. എൺപതിനായിരം കാണികൾ നിറഞ്ഞ ഇതേ സ്റ്റേഡിയത്തിലാണ് ഇന്നത്തെ കളിയും.

പതിമൂന്ന് വർഷംമുമ്പാണ് ഇന്റർ അവസാനമായി ചാമ്പ്യൻസ് ലീഗ് ഫൈനൽ കടന്നതും ജേതാക്കളായതും. മൂന്നുതവണ ചാമ്പ്യൻമാരായ ഇറ്റാലിയൻ കരുത്തർക്ക് അടുത്തൊന്നും യൂറോപ്യൻ പോരാട്ടത്തിൽ മികവ് കാട്ടാനായില്ല. ലക്ഷ്യം ആറാമത്തെ ഫൈനലാണ്. 2010, 1965, 1964 വർഷങ്ങളിൽ ജേതാക്കളായി. 1972ലും 1967ലും റണ്ണറപ്പ്.

ഇറ്റാലിയൻ ലീഗ് ചാമ്പ്യൻമാരായ നാപോളിയെ തോൽപ്പിച്ചാണ് ഇന്റർ സെമിയിലെത്തിയത്. എസി മിലാൻ ഇംഗ്ലീഷ് ക്ലബ് ടോട്ടനം ഹോട്സ്പറിനെ മറികടന്നു.

ഏഴ് കിരീടങ്ങളുടെ അവകാശികളാണ് എസി മിലാൻ. നാലുതവണ റണ്ണറപ്പും. ഒടുവിൽ കിരീടം 2007ൽ.

ശ്രീജേഷ് ഇന്ത്യൻ ടീമിൽ

മുംബൈ

യൂറോപ്പിൽ നടക്കുന്ന ഹോക്കി പ്രോ ലീഗ് മത്സരങ്ങൾക്കുള്ള ഇന്ത്യൻ ടീമിൽ മലയാളി ഗോൾകീപ്പർ പി ആർ ശ്രീജേഷും. കൃഷൻ ബഹാദൂർ പഥകും ഗോളിയായുണ്ട്. പ്രതിരോധക്കാരൻ ഹർമൻ പ്രീത് സിങ്ങാണ് നായകൻ. ഹാർദിക് സിങ് വൈസ് ക്യാപ്റ്റനാണ്.

ക്രെയ്ഗ് ഫുൾടൻ കോച്ചായശേഷമുള്ള ആദ്യ വിദേശപര്യടനമാണ്. പ്രോലീഗിൽ എട്ട് കളി പൂർത്തിയാക്കിയ ഇന്ത്യ 19 പോയിന്റോടെ ഒന്നാമതാണ്.

പര്യടനത്തിൽ ഇംഗ്ലണ്ടിലും നെതർലൻഡ്സിലുമാണ് മത്സരങ്ങൾ. 26ന് ബൽജിയവുമായാണ് ആദ്യ കളി. തുടർന്ന് ബ്രിട്ടൻ, അർജന്റീന, നെതർലൻഡ്സ് ടീമുകളുമായി രണ്ടുതവണവീതം ഏറ്റുമുട്ടും.

ഹീത്ത് സ്ട്രീക്ക് ഗുരുതരാവസ്ഥയിൽ

ഹരാരെ

സിംബാബ്വേയുടെ മുൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ഹീത്ത് സ്ട്രീക്ക് അത്യാസന്നനിലയിൽ ആശുപത്രിയിൽ. കരളിലും കുടലിലും അർബുദം ബാധിച്ചിട്ടുണ്ട്. സിംബാബ്വേക്കായി 65 ടെസ്റ്റും 189 ഏകദിനവും കളിച്ചിട്ടുണ്ട് നാൽപ്പത്തൊമ്പതുകാരൻ.

ബൂം ബൂം ഗോവ ജേതാക്കൾ

കൊച്ചി

പ്രഥമ റെഡ്ബുൾ ഫോർ ടു സ്കോർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ബൂം ബൂം ഗോവ ജേതാക്കളായി. കൊച്ചിയിൽ നടന്ന മത്സരത്തിൽ കലീന റെഞ്ചേഴ്സിനെ ഒരു ഗോളിന് പരാജയപ്പെടുത്തി. വിജയികൾക്ക് കേരള ബ്ലാസ്റ്റേഴ്സ് താരം കെ പി രാഹുൽ ട്രോഫി സമ്മാനിച്ചു. സെലിബ്രിറ്റി മത്സരത്തിൽ സുശാന്ത് മാത്യു നയിച്ച ടീം 4–3ന് രാഹുലിന്റെ ടീമിനെ തോൽപ്പിച്ചു.

ഗോകുലത്തിന് ഇന്ന് ഒഡിഷ

അഹമ്മദാബാദ്

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗ് ക്വാർട്ടറിൽ ഗോകുലം കേരള എഫ്സി ഇന്ന് വൈകിട്ട് അഞ്ചിന് ഒഡിഷ എഫ്സിയെ നേരിടും. സേതു എഫ്സി മധുര ഈസ്റ്റ്ബംഗാളിനെ നേരിടും.

ഏജീസ് ജേതാക്കൾ

ആലപ്പുഴ

കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിച്ച ക്ലബ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ ഏജീസ് ഓഫീസ് ജേതാക്കളായി. ഫൈനലിൽ മാസ്റ്റേഴ്സ് ക്രിക്കറ്റ് ക്ലബ്ബിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു. സ്കോർ: മാസ്റ്റേഴ്സ് 116, ഏജീസ് 6–120 (17.5).

റണ്ണൊരുക്കി ഗിൽ

ആദ്യ ഐപിഎൽ സെഞ്ചുറി (58 പന്തിൽ 101)

ഭുവനേശ്വർ കുമാറിന് അഞ്ച് വിക്കറ്റ്

അഹമ്മദാബാദ്

ചാമ്പ്യൻമാരായ ഗുജറാത്ത് ടൈറ്റൻസിന്റെ ബാറ്റർമാർ വിക്കറ്റ് വലിച്ചെറിഞ്ഞ് കൂടാരത്തിലേക്ക് ഘോഷയാത്ര നടത്തവെ സെഞ്ചുറിയടിച്ച് രക്ഷകനായി ശുഭ്മൻ ഗിൽ. ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ 20 ഓവറിൽ ഗുജറാത്ത് നേടിയത് ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 188 റൺ. 58 പന്തിൽ 13 ഫോറും ഒരു സിക്സറും പറത്തിയാണ് ഗിൽ 101 റണ്ണടിച്ചത്. ഹൈദരാബാദിനായി പേസർ ഭുവനേശ്വർകുമാർ നാല് ഓവറിൽ 30 റൺ വഴങ്ങി അഞ്ച് വിക്കറ്റെടുത്തു.

ഗില്ലിനൊപ്പം സായ് സുദർശൻമാത്രമാണ് (36 പന്തിൽ 47) ഇരട്ടയക്കം കടന്നത്. ഓപ്പണർ വൃദ്ധിമാൻ സാഹയെ ആദ്യ ഓവറിൽ നഷ്ടമായശേഷം ഗില്ലും സുദർശനും ചേർന്ന് രണ്ടാം വിക്കറ്റിൽ 147 റണ്ണെടുത്തു. അവസാന ഒമ്പത് വിക്കറ്റ് പൊഴിഞ്ഞത് 41 റണ്ണിനാണ്. ഭുവനേശ്വർകുമാറിന്റെ അവസാന ഓവറിൽ നാല് വിക്കറ്റ് വീണു. മൂന്നെണ്ണം പേസർ സ്വന്തമാക്കിയപ്പോൾ ഒരു ബാറ്റർ റണ്ണൗട്ടായി. ഓപ്പണറായ ഗിൽ 56 പന്തിൽ ഗുജറാത്തിനായി ആദ്യ ഐപിഎൽ സെഞ്ചുറി കണ്ടെത്തി. ദൗത്യം പൂർത്തിയായശേഷം ഇരുപതാമത്തെ ഓവറിലാണ് മടങ്ങിയത്. ഭുവനേശ്വറിന്റെ പന്തിൽ അബ്ദുൽ സമദ് പിടികൂടി. ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യ (8), ഡേവിഡ് മില്ലർ (7), രാഹുൽ ടെവാട്ടിയ (3), റഷീദ്ഖാൻ (0) എന്നിവരുടേത് ദയനീയ പ്രകടനമായിരുന്നു. ദാസുൻ ഷനക ഒമ്പത് റണ്ണുമായി പുറത്താകാതെനിന്നു.

ഹൈദരാബാദിനുവേണ്ടി ടി നടരാജൻ, ഫസൽ ഹഖ് ഫാറൂഖി, മാർകോ ജാൻസൻ എന്നിവർ ഓരോ വിക്കറ്റെടുത്തു.

പോയിന്റ് പട്ടിക

ടീം, കളി, ജയം, തോൽവി, പോയിന്റ്			
ഗുജറാത്ത്	12	8	16
ചെന്നൈ	13	7	15
മുംബൈ	12	7	14
ലഖ്നൗ	12	6	13
ബാംഗ്ലൂർ	12	6	12
രാജസ്ഥാൻ	13	6	12
കൊൽക്കത്ത	13	6	12
പഞ്ചാബ്	12	6	12
ഹൈദരാബാദ്	11	4	8
ഡൽഹി	12	4	8



സെഞ്ചുറി നേടിയ ശുഭ്മൻ ഗിൽ ഫോർ പറത്തുന്നു

ഫെഡറേഷൻകപ്പ് അത്‌ലറ്റിക്സ്

വേഗക്കാരെ ഇന്നറിയാം

- 100 മീറ്ററിൽ മെയ്മോൻ ഫൈനലിൽ
- ജിൻസണും സൽമാനും 1500 മീറ്ററിൽ
- അനസ്, വിസ്മയ, ജിസ്ന, അജ്മൽ മെഡലിനായി

നാഗ്പുർ

വനിതകളുടെ 10000 മീറ്ററിൽ സ്വർണം നേടിയ മഹാരാഷ്ട്രയുടെ സഞ്ജീവനി ജാദവ്

ഫെഡറേഷൻകപ്പ് അത്‌ലറ്റിക്സിലെ വേഗക്കാരെ നിശ്ചയിക്കുന്ന 100 മീറ്റർ മത്സരങ്ങൾ ഇന്ന് നടക്കും. പുരുഷവിഭാഗത്തിൽ കേരളത്തിന്റെ മെയ്മോൻ പൗലോസ് മികച്ച രണ്ടാമത്തെ സമയത്തോടെ (10.46) മെഡൽ പോരാട്ടത്തിന് അർഹത നേടി. സി ടി മിഥുൻ, ടി കെ ജ്യോതിപ്രസാദ് എന്നിവർക്ക് യോഗ്യതയില്ല. വനിതകളിൽ കേരളത്തിന്റെ പ്രതിനിധികളാരുമില്ല. പി ഡി അഞ്ജലി ഫൈനലിലെത്താതെ പുറത്തായി.

പുരുഷന്മാരുടെ 1500 മീറ്ററിൽ ദേശീയ ചാമ്പ്യൻ കേരളത്തിന്റെ ജിൻസൺ ജോൺസൺ ഫൈനലിൽ കടന്നു. സൽമാൻ ഫാറൂഖും യോഗ്യത നേടി. 400 മീറ്ററിൽ മുഹമ്മദ് അനസ് യഹിയ, വി മുഹമ്മദ് അജ്മൽ, വി കെ വിസ്മയ, ജിസ്ന മാത്യു എന്നിവർ ഇന്നത്തെ ഫൈനലിൽ ഇറങ്ങും. ലോങ്ജമ്പിൽ മുഹമ്മദ് അനീസ് യഹിയ, കെ മുഹമ്മദ് ആസിഫ്, ആർ സാജൻ എന്നിവർ ഫൈനൽ ഉറപ്പിച്ചു. മീറ്റിന്റെ രണ്ടാംദിവസമായ ഇന്ന് 14 ഇനങ്ങളിൽ ഫൈനൽ നടക്കും.

പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിൽ 11 പേർ ഏഷ്യൻ മീറ്റിന് യോഗ്യത നേടി. ഉത്തർപ്രദേശിന്റെ ഗുൽവീർ സിങും (29:05.90) അഭിഷേക്പാലും യഥാക്രമം സ്വർണവും വെള്ളിയും സ്വന്തമാക്കി. വനിതകളിൽ മഹാരാഷ്ട്രയുടെ സഞ്ജീവനി ജാദവിനാണ് (33:32.73) സ്വർണം. ഉത്തർപ്രദേശിന്റെ കവിതായാദവ് വെള്ളി നേടി.

ഹാമർത്രോയിൽ ഉത്തർപ്രദേശിന്റെ തന്യ ചൗധരിയും (60.54 മീറ്റർ) സരിത ആർ സിങും (60.45) ആദ്യ രണ്ട് മെഡലുകൾ നേടി. 3000 മീറ്റർ സ്റ്റീപ്പിൾചേസിൽ ഉത്തർപ്രദേശിന്റെ നൂർ ഹസനും(8:30.56) ഹരിയാനയുടെ പ്രീതി ലാമ്പയും(9:47.78) സ്വർണവും ഏഷ്യൻ യോഗ്യതയും കരസ്ഥമാക്കി.

സുദിർമാൻ കപ്പ് ബാഡ്മിന്റൺ

സമ്പൂർണ തോൽവിയോടെ ഇന്ത്യ പുറത്ത്

സുജോ (ചൈന)

ലോക ബാഡ്മിന്റൺ മിക്സഡ് ടീം ചാമ്പ്യൻഷിപ്പായ സുദിർമാൻ കപ്പിൽനിന്ന് ഇന്ത്യ പുറത്തായി. മലേഷ്യയോടാണ് ഇന്ത്യയുടെ ദയനീയ തോൽവി. അഞ്ച് കളിയും തോറ്റു. ആദ്യദിനം ചൈനീസ് തായ്പേയിയോട് 4–1ന് പരാജയപ്പെട്ടിരുന്നു. നാളെ ഓസ്ട്രേലിയക്കെതിരെ കളി ബാക്കിയുണ്ട്. ഇന്ത്യ ഉൾപ്പെട്ട 'സി' ഗ്രൂപ്പിൽനിന്ന് മലേഷ്യയും ചൈനീസ് തായ്പേയിയും ക്വാർട്ടറിൽ കടന്നു.

പുരുഷ സിംഗിൾസിൽ കിഡംബി ശ്രീകാന്ത് മലേഷ്യയുടെ ലീ സീ ജിയോട് 16–21, 11–21ന് തോറ്റു.

വനിതാ സിംഗിൾസിൽ പി വി സിന്ധു ജോ ജിൻവെയിയോട് തോറ്റു (21–14, 10–21, 20–22)

മിക്സഡ് ഡബിൾസിൽ തോറ്റതോടെ ഇന്ത്യ പുറത്തായി. ധ്രുവ് കപില–അശ്വനി പൊന്നപ്പ സഖ്യം അനായാസം കീഴടങ്ങി.

പുരുഷ ഡബിൾസിൽ സാത്വിക് സായ്രാജ്–ചിരാഗ് ഷെട്ടി സഖ്യം 21–18, 21–19ന് കീഴടങ്ങി.

വനിതാ ഡബിൾസിൽ മലയാളി താരം ട്രീസ ജോളി–ഗായത്രി ഗോപീചന്ദ് കൂട്ടുകെട്ടിനും ജയിക്കാനായില്ല.